LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

92 (3828) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) താൽക്കാലിക അദ്ധ്യാപക നിയമനരീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂളുകൾ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തുന്നതിന് പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഗവൺമെന്റ് സ്കൂളുകളിൽ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ.-ലെ വ്യവസ്ഥകൾ പ്രകാരവുമാണ് നിയമനം നടത്തുന്നത്.

കടുത്തുരുത്തി കടപ്പൂർ ഗവൺമെന്റ് സ്കൂളിന്റെ വഴി

93 (3829) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്പൂർ ഗവൺമെന്റ് സ്കൂളിന്റെ വഴി നാട്ടുകാർക്കുകൂടി ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് 11-7-2013-ൽ സമർപ്പിച്ചിരുന്ന 1585/VIP/M(Edn.) നമ്പർ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പെറ്റീഷൻ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിരുന്നതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട എം.എൽ.എ.-യ്ക്കോ, റസിഡന്റ്സ് അസോസിയേഷൻകാർക്കോ ഈ ഫയൽ സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പെറ്റീഷന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ അറിയിക്കുമോ ?